# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4571** **26.06.2014 ൽ മറുപടിക്ക്**

**മഴയിലും കാറ്റിലും മരങ്ങൾ വീഴുന്നതുമൂലമുണ്ടായ അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. എ. മാധവൻ | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ കനത്ത മഴയിലും കാറ്റിലും മരങ്ങൾ കടപുഴകി വീണ് എത്ര അപകടങ്ങൾ ഈ വർഷം റിപ്പോർട്ട് ചെയ്തുവെന്ന് അറിയിക്കാമോ; | എ) | ആഭ്യന്തര വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളിൽ കനത്ത മഴയിലും കാറ്റിലും മരങ്ങൾ കടപുഴകി വീണ് ഈ വർഷം 1912 അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | ഇതുമൂലം ഉണ്ടായ നാശനഷ്ടങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | ബി) | ഗതാഗത തടസ്സം, ഇലക്ട്രിക് ലൈനുകൾ തകരാറിലാകുന്നത് വാഹനങ്ങൾക്കും വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ, ജീവഹാനി മുതലായ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. |
| സി) | മരങ്ങൾ കടപുഴകി വീഴുന്നത് ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ; | സി) | അപകടകരമായ അവസ്ഥയിലുള്ള മരങ്ങൾ വീഴുന്നത് ഒഴിവാക്കുന്നതിനായി ജില്ലാ കളക്ടർ, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,പൊതുമരാമത്ത് വകുപ്പ്, ഇലക്ട്രിസിറ്റി ബോർഡ്, സോഷ്യൽ ഫോറസ്ട്രി തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ സർവീസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| ഡി) വിവിധ വകുപ്പുകളുടെ സഹായത്തോടെ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | ഡി) ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ